


بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON/വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**11 September 2020**
**22 Muharram 1442 AH**

# *Duahs (Invocations) (Pt. 10)*
## ദുആകൾ (ഭാഗം -10)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദുആകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ഇന്നലെ (10-09-2020) ഞാൻ ഈ കാലഘട്ടത്തിലെ വാഗ്ദത്തമസീഹും 15-ാംനൂറ്റാണ്ടിലെ മുജദ്ദിദുമാണ് എന്ന പ്രഖ്യാപനം നടത്തിയിട്ട് (സെപ്തംബർ 10) പത്തുവർഷങ്ങൾ പൂർത്തിയായിരിക്കുന്നു. (സെപ്തംബർ 10, 2010-2020) തീർച്ചയായും അല്ലാഹുവിൽ നിന്ന് ഒരു ബഹുമതി സമാഗതമാകുമ്പോൾ, അപ്പോൾ അത്, അവൻ ആകാശങ്ങളിൽ വെച്ച് പ്രഖ്യാപിക്കുന്നു, അതു ഭൂമിയിൽ ഉന്മേഷപ്രദമായ വഴിയിലൂടെ നടപ്പിലാക്കപ്പെടുന്നു. അപ്പോൾ അതാ സത്യാന്വേഷികളും, വിശ്വാസികളുമായവർ മുന്നോട്ടു വരുകയും ചെയ്യുന്നു, കാരണം അല്ലാഹു(ത) അവരുടെ ഹൃദയങ്ങൾ, സത്യങ്ങൾ സ്വീകരിക്കുവാനും അംഗീകരിക്കുവാനുമായി തുറക്കുന്നു.

ഈ നൂറ്റാണ്ടിലെ അവന്റെ ദൂതനായും, അവൻ തെരഞ്ഞെടുത്ത അവന്റെ ദാസനായും, എന്നെ ഉയർത്തിയവനായ അല്ലാഹു(ത)യ്ക്ക് മാത്രമാണ് സർവ്വസ്തുതിയും, മിസിഹാ ആയും മുജദ്ദിദായുമുള്ള ബഹുമതികൾ കനിഞ്ഞരുളിയത് മാനവകുല

ക്ഷേമത്തിനുവേണ്ടി മാത്രമാണ്.

എന്റെ വിനീതമായ പ്രാർത്ഥന ഇതാണ്, അതായത്, അല്ലാഹുവിനെകുറിച്ച് ഹൃദയത്തിൽ ഭയമുള്ളവരെ, ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിലേക്ക് അവരെ അവൻ നയിക്കട്ടെ, അങ്ങനെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലേക്ക്, അതിലൂടെ ഇസ്ലാമും മാനവകുലം മൊത്തത്തിലും ഒരിക്കൽ കൂടി കൂട്ടിയോജിപ്പിക്കപ്പെടട്ടെ? ഏകദൈവത്തിന്റെ കൊടിക്കീഴിൽ! ആമീൻ.

ഭൗതീക രംഗത്തും ആത്മീയരംഗത്തും, രണ്ട് രംഗങ്ങളിലും, ലോകം ഇന്ന് വിവിധങ്ങളായ അധഃപതനത്തിന്റെ പിടിയിലമർത്തു കഴിഞ്ഞിരിക്കുകയാണ്. ലോകം ഇന്ന് വളരെ അവശതയിലായിരിക്കുകയാണ് എന്ന് പറയുന്നതാണ് ശരി! ജനത അതികഠിനമായ വേദനയിലമർന്നു കഴിഞ്ഞു. നമ്മുടെ ഈ കൊച്ചു മൗറിഷ്യസുപോലും ഈ കെടുതിയിൽ നിന്നും മുക്തമല്ല. വരാനിരിക്കുന്ന വിപത്തുകളും, അപകടങ്ങളും നമ്മുടെ ദ്വീപിനെയും വെറുതെ വിടുന്ന ലക്ഷണമില്ല. പ്രത്യേകിച്ചും, സംശയം ജനിപ്പിക്കുന്ന തരത്തിലുള്ളതും, ഖേദകരമായതുമായ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഇതിലേക്ക് നയിക്കുന്നവയാണ്. ഈ അടുത്ത മാസങ്ങളിൽ മൗറീഷ്യസിനു കീഴിലെ അതിർത്തി പ്രദേശമായ പോയിന്റ് ഡിഎസ്നി യിലേക്ക് ജാപ്പനീസ് ചരക്കു കപ്പൽ ആയ വാക്ഷിഓ യിലേക്ക് പ്രവേശിച്ചതും, മൗറീഷ്യൻ തീരത്ത് ആ കപ്പലിൽ നിന്നും ഡീസൽ ചോർച്ചയുണ്ടായി, തിരിച്ചറിയപ്പെട്ടതും, പെടാത്തതുമായ അനേകം കടൽ ജീവജാലങ്ങൾ ചത്തൊടുങ്ങിയതും ഒക്കെ ഇവയെ സാധൂകരിക്കുന്നു. ഇതു മാത്രമല്ല, ഇതിനെത്തുടർന്നും മറ്റും പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അവ സംബന്ധിച്ച് ഞാൻ ഇൻശാഹ് അല്ലാഹ്! മറ്റൊരു ഖുത്തുബയിൽ വിശദമായി സംസാരിക്കുന്നതാണ്. നാം ഉൾപ്പെടുന്ന മാനവരാശിയുടെ നിലനില്പ് അപകടത്തിലാണ് എന്നു പറയുവാനാണ് ഞാൻ ശ്രമിച്ചു

കൊണ്ടിരിക്കുന്നത്. അക്കാര്യം ഞാൻ തുടക്കം മുതൽ തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നതും ഇപ്പോഴും ആവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ ഒന്നാണ്. മനുഷ്യന്റെ മനഃസാക്ഷി അപകടത്തിലായിരിക്കുന്നു. കാരണം മനുഷ്യനെ ആത്മീയ നിർവൃതിയിൽ നിന്നും അകറ്റി, സമ്പത്തിനും, ഭൗതീക സുഖ സൗകര്യങ്ങൾക്കും പിന്നാലെ ഓടുവാൻ പ്രേരിപ്പിച്ചു കൊണ്ടേയിരിക്കുന്നു.

അതിനാൽത്തന്നെ പ്രാർത്ഥന (ദുആകൾ) നമ്മുടെ ജീവിതത്തിൽ അനുപേക്ഷണീയമായ ഒന്നായിതീരുന്നു. ഏകദൈവമായ അല്ലാഹുവിനെ ആരാധിക്കുകയും, അവനെ ദിക്റുകളിലൂടെ സ്മരിക്കുകയും, ചെയ്യാത്തപക്ഷം നാം ഈ ലോകത്ത് ഒന്നും തന്നെ നേടുന്നില്ല. ദൈവസ്മരണ എന്നാൽ അല്ലാഹുവുമായി കെട്ടുറപ്പുള്ള ഒരുബന്ധം സ്ഥാപിക്കൽ ആണ് അത്. നമുക്ക് അവനിൽ നിന്നുള്ള സംതൃപ്തി ഉറപ്പു നല്കുകയും, നമ്മുടെ ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളിലും അവന്റെ സാന്നിധ്യവും സഹായവും ഉറപ്പാക്കുകയും ചെയ്യുന്നു.

ഞാൻ ഇന്ന് ദുആകൾ എന്ന വിഷയത്തിലെ 10-ാം ഭാഗത്തേക്ക് കടക്കുകയാണ്. ഇന്ന് ഹസ്രത് മുഹമ്മദ് (സ) നടത്തിയിരുന്ന പ്രാർത്ഥനകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## നമ്മൾ ദുഃഖിതരോ വിഷമഘട്ടത്തിലോ ആയാൽ

**"Allahumma inni a'udhu bika minal-hammi, wal-hazani, wal-'ajzi, wal-kasali, wal-bukhli, wal-jubni, wa dala'i d-dayni wa ghalabatar-rijal."**

"ഓ! അല്ലാഹ്! എന്റെ വിഷമാവസ്ഥയിൽ നിന്നും, ദുഃഖത്തിൽ നിന്നും, കഴിവില്ലായ്മയിൽ നിന്നും, അലസതയിൽ നിന്നും, ദാരിദ്ര്യത്തിൽ നിന്നും, പിശുക്കിൽ നിന്നും, ഭീരുത്വത്തിൽ നിന്നും, മറ്റുള്ളവരാൽ എനിക്കുണ്ടാകുന്ന അസ്വസ്തകളിൽ നിന്നും, കടബാധ്യതകളിൽ നിന്നും ഞാൻ നിന്നെ

അഭയം പ്രാപിക്കുന്നു.” (അഹ്മദ്, ഹാക്കിം)

**കഷ്ടതകളിലോ ബുദ്ധിമുട്ടുകളിലോ അകപ്പെടുന്ന വേളയിൽ**

**“Laa Ilaaha Illallahul-Azimul-Halim. Laa Ilaaha Illallahu Rabbul-’Arshil-’Azim. Laa Ilaaha Illallahu Rabbus-samawati, wa Rabbul-ardi, wa Rabbul-’Arshil-Karim.”**

“താരതമ്യത്തിന് അതീതനായ മഹത്വമുടയവനും, അങ്ങേയറ്റം ഔദാര്യവാനുമായ അല്ലാഹു അല്ലാതെ മറ്റാരും ആരാധനയ്ക്ക് അർഹനായിട്ടില്ല. അല്ലാഹു അല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ല. അവർ മഹോന്നതമായ സിംഹാസനത്തിന്റെ നാഥനാകുന്നു. ആകാശങ്ങളുടേയും, ഭൂമിയുടേയും, ആദരണീയമായ സിംഹാസനത്തിന്റെയും, നാഥനായ അല്ലാഹു അല്ലാതെ മറ്റാരും ആരാധിയ്ക്കപ്പെടാൻ അർഹനായിട്ടില്ല.”

**“Allaahumma rahmataka ‘arju falaa takilnee ‘ilaa nafsii tarfata ‘aynin, wa ‘aslih lii sha’nii kullahu, Laa Ilaaha Illaa ‘anta.”**

“അല്ലാഹുവേ! ഞാൻ നിന്റെ ദയ കാംക്ഷിക്കുന്നു. ഒരു അണുകിട നേരത്തേക്കു പോലും എന്നെ കൈവിടരുതേ, എന്നെ തനിച്ചാക്കരുതേ, എനിക്കായി കാര്യങ്ങളെ എളുപ്പമാക്കിത്തരേണമേ. ആരാധനയ്ക്ക് അർഹനായി നീയല്ലാതെ മറ്റാരുമില്ല.” (അബൂദാവൂദ്, അഹ്മദ്)

**ശത്രുവിനെ കണ്ടുമുട്ടുമ്പോൾ**

**“Allahumma anta ‘adudi wa nasiri, bika ahulu, wa bika asulu, wa bika uqatilu.”**

“അല്ലാഹുവേ! നീയാണെന്റെ സഹായിയും പിന്തുണക്കാരനും. നിന്റെ സഹായത്താൽ ഞാൻ കരുത്താർജ്ജിക്കുന്നു. നിന്റെ സഹായത്താൽ ഞാൻ ശത്രുവിനു മേൽ കുതിച്ചുയരുയും, ആ ശത്രുവിനെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു. നിന്റെ സഹായം കൊണ്ടാണ് ഞാൻ ശത്രുവിനോടു പൊരുതുന്നത്.” (അബൂദാവൂദ്, തിർമിദി)

**"Hasbunallah wa ni'mal-Wakil"**

"ഞങ്ങൾക്കു മതിയായവൻ അല്ലാഹു മാത്രമാകുന്നു. അവൻ കാര്യങ്ങളെ ഏറ്റവും നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നവനത്രേ." (ബുഖാരി)

**"Allaahumma Rabbas-samaawaatis-sab'i, wa Rabbal-'Arshil-'Azim, kun li jaaran min *[here you mention the person's name]*, wa 'ahzaabihi min khalaa 'iqika, 'an yafruta 'alayya 'ahadun minhum 'aw yatghaa, 'azzajaaruka, wajalla thanaa-'uka, wa Laa Ilaaha Illaa 'anta."**

"അല്ലാഹുവേ, ഏഴ് ആകാശങ്ങളുടേയും നാഥനായിട്ടുള്ളവനേ, മഹത്വമേറിയ സിംഹാസനത്തിന്റെ അധിപനായ നാഥാ! (വ്യക്തിയുടെ പേര് പറയുക) എന്ന വ്യക്തിയ്ക്കെതിരിൽ എനിക്ക് പിന്തുണക്കാരനായി നിലകൊള്ളേണമേ, നിന്റെ സൃഷ്ടി ജാലങ്ങളിൽ അദ്ദേഹത്തിന്റെ തുണക്കാരായി നിലകൊള്ളുന്നവർക്കെതിരിലും നീയെനിക്ക് കരുത്തായി വരേണമെ! അല്ലെങ്കിൽ അവരെന്നെ ഉപദ്രവിക്കുകയും, എന്നെ ദ്രോഹിക്കുകയും ചെയ്യും. നിന്റെ സഹായം അതിപ്രബലമായതും, നിന്റെ പ്രശംസകൾ മഹോന്നതവും ആയതത്രേ. നീയല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരും തന്നെയില്ല." (ബുഖാരി)

## ശത്രുവിനെതിരെയുള്ള രക്ഷതേടൽ

**"Allaahumma munzilal-kitaabi, sari'al-hisaabi, ihzimil-'ahzaaba, Allaahumma ihzimhum wa zalzilhum."**

"അല്ലാഹുവേ, ഗ്രന്ഥം അവതീർണ്ണനാക്കിയവനേ! വേഗത്തിൽ കണക്കെടുപ്പ് നടത്തുന്നവനേ! അവിശ്വാസികളുടെ ഈ സംഘത്തെ പരാജയപ്പെടുത്തിയാലും! അല്ലാഹുവേ! അവരെ പരാജയപ്പെടുത്തുകയും, അവരുടെ ശക്തി ക്ഷയിപ്പിക്കുകയും ചെയ്യേണമേ!

## ഒരു സംഘം ആളുകളെ ഭയപ്പെടുമ്പോൾ

**"Allahummak finihim bima shi'ta."**

"നാഥാ! അവരുടെ കുതന്ത്രങ്ങളിൽ നിന്നും ചെയ്തികളിൽ

നിന്നും, ഏറ്റവും അനുയോജ്യമായ രീതിയിൽ എനിക്ക് സംരക്ഷണം നല്കിയാലും (മുസ്ലിം)

### പ്രയാസം നേരിടുമ്പോൾ

**"Allaahumma laa sahla 'illaa maal ja'altahu sahlan wa 'Anta taj'alul-hazna 'ithaa shi'ta sahlan."**

"അല്ലാഹുവേ! നീ ലഘൂകരിക്കുന്നതിനേക്കാൾ ലഘുവായി ഒന്നും തന്നെയില്ല. നീ തൃപ്തിപ്പെടുന്നുവെങ്കിൽ ഈ പ്രയാസത്തെ ലഘൂകരിച്ചു തരേണമെ! (ഇബ്നു ഹിബ്ബാൻ)

### നവജാതശിശുവിന്റെ മാതാപിതാക്കളെ അഭിനന്ദിക്കുമ്പോൾ

**"Baarakallaahu laka fil-mawhubi laka, wa shakartal-waahiba, wa balagha 'ashuddahu, wa ruziqta birrahu."**

"അല്ലാഹു അവന്റെ ഈ സമ്മാനം കൊണ്ട് നിങ്ങളെ അനുഗ്രഹിയ്ക്കട്ടെ. നിങ്ങൾ ഇതിൽ അവന് നന്ദി പറയുകയും, ഈ കുഞ്ഞ് മുതിർന്ന്വരുവാനിടയാവുകയും, അവനിൽ/അവളിൽ നിന്നുള്ള തഖ്വ അനുഭവവേദ്യമാവുകയും ചെയ്യുമാറാകട്ടെ"

### കുഞ്ഞുണ്ടായതിൽ അഭിനന്ദിയ്ക്കപ്പെട്ട വ്യക്തി നല്കേണ്ട മറുപടി

**"Baarakallahu laka wa baaraka 'alayka, wa jazaakallaahu khayran, wa razaqakallaahu mithlahu, wa 'ajzala thawaabaka."**

"അല്ലാഹു(ത) നിങ്ങളെ അനുഗ്രഹിയ്ക്കുകയും, അവന്റെ അനുഗ്രഹങ്ങൾ താങ്കൾക്ക് ചൊരിഞ്ഞു നല്കുകയും മഹത്തായ പ്രതിഫലം നല്കുകയും ചെയ്യുമാറാകട്ടെ. അവന്റെ പ്രതിഫലം എണ്ണമറ്റതത്രേ. അത് താങ്കളിലേക്ക് വർഷിക്കുകയും ചെയ്യുമാറാകട്ടെ." (അന്നവവി)

### നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് സംരക്ഷണം ലഭിക്കുവാൻ

ഹദ്രത് മുഹമ്മദ് (സ) ഹസൻ(റ) ഹുസൈൻ (റ) എന്നിവർക്ക് അല്ലാഹുവിൽ നിന്നും സദാ സംരക്ഷണം ലഭിക്കുവാനായി ഇപ്രകാരം ദുആ ചെയ്തിരുന്നു.

**"U'idhukuma bi-kalimatil-laahi-tammati, min kulli shaitanin wa hammatin, wa minkulli 'ainin lammatin."**

"അല്ലാഹുവേ! എല്ലാ പൈശാചിക ശക്തികളിൽ നിന്നും, എല്ലാ ദോഷങ്ങളിൽ നിന്നും, എല്ലാ ദോഷൈകദൃക്കുകളിൽ നിന്നും, ഉപദ്രവകാരികളുടെ ഉപദ്രവങ്ങളിൽ നിന്നും അല്ലാഹുവിന്റെ പരിശുദ്ധ നാമത്തിൽ, ഞാൻ നിന്നിലേക്ക് അഭയം തേടുന്നു."

**രോഗിയെ സന്ദർശിക്കുമ്പോൾ പറയേണ്ടത്.**

**"Laa ba'sa taharun Insha-Allahu."**

"അല്ലാഹുവേ! അപകടമൊന്നും ഇതിൽ വരുത്തരുതേ! ഇൻശാഹ് അല്ലാഹ്, ഈ രോഗം നിങ്ങളുടെ ശുദ്ധീകരണത്തിനുവേണ്ടിയുള്ളതാകട്ടെ."

**"As'alullahal-'Azima Rabbal-'Arshil-'Azimi, an yashfiyaka."**

(7 പ്രാവശ്യം ഉരുവിടേണ്ടതാണ്)

"നിങ്ങൾക്ക് രോഗം സുഖപ്പെടുത്തുവാനായി ഞാൻ മഹത്വമുടയവനും, മഹോന്നത സിംഹാസനത്തിന്റെ അധിപനും ആയ അല്ലാഹുവിനെ വിളിച്ചപേക്ഷിക്കുന്നു." (തിർമിദി, അബൂ ദാവൂദ്)

**രോഗശമനം സംബന്ധിച്ച് പ്രതീക്ഷ നഷ്ടപ്പെട്ട രോഗി ചെയ്യേണ്ട പ്രാർത്ഥന.**

**"Allahumma-ghfir li, warhamni, wa alhiqni bir Rafiqil-A'la."**

"അല്ലാഹുവേ! എനിക്ക് പൊറുത്തുതരേണമെ! നീ നിന്റെ കാരുണ്യം എന്നിൽ ചൊരിയേണമേ! എന്നെ നീ പദവികളാൽ ഉയർത്തപ്പെട്ട സഹാബാക്കളിൽ ഉൾപ്പെടുത്തേണമേ!"(ബുഖാരി, മുസ്ലിം)

**രോഗി മരണാസന്നനായ (സക്റാത്ത്) വേളയിൽ ആയിരിക്കുമ്പോൾ ചെയ്യേണ്ട ദുആ**

മരണാസന്നനായി, രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച വേളയിൽ ഹസ്രത് മുഹമ്മദ്(സ) തന്റെ കൈകൾ വെള്ളത്തിൽ മുക്കിയശേഷം മുഖത്തു തടവിക്കൊണ്ട് ഇപ്രകാരം പറഞ്ഞു.

**"Laa Ilaaha Illallahu. Inna lil-mawti la-Sakaraatin."**

"ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റൊരു ദൈവം ഇല്ല. നിശ്ചയമായും മരണത്തിന്, അതിനുതക്കതായ വേദന യുണ്ട്!" (ബുഖാരി)

**മരണാസന്നനായി, വേദന/വിഷമം അനുഭവിക്കുന്ന രോഗിയെക്കൊണ്ട് ചൊല്ലിക്കേണ്ടത്.**

"ലാ ഇലാഹ ഇല്ലല്ലാഹു" –ആരാധനയ്ക്ക് അർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്ന വചനം അവസാനമായി ഉച്ചരിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്." (അബൂദാവൂദ്)

**മരണം എന്ന അഗ്നിപരീക്ഷ ബാധിച്ചത് അറിയുമ്പോൾ**

**"Inna lillahi wa inna ilayhi raji'un. Allahumma 'ajurni fi musibati, wakhluf khayran minha."**

"നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവനിലേക്കു തന്നെ മടക്കപ്പെടുന്നവരും ആകുന്നു. അല്ലാഹുവേ! ഈ വിപത്ഘട്ടത്തിൽ നീ എനിക്ക് തക്കതായ പ്രതിഫലം നല്കുകയും, ഇതിനേക്കാൾ യോഗ്യമായത്, നല്ലത്, പകരം നല്കുകയും ചെയ്യേണമേ."(മുസ്ലിം)

**മരണമടഞ്ഞ വ്യക്തിയുടെ കണ്ണുകൾ അടയ്ക്കുമ്പോൾ**

**"Allaahummaghfir li *(name of the person)* warfa' darajatahu fil-mahdiyyina, wakhlufhu fi 'aqibihi fil-ghaabirina, waghfir-lanaa wa lahu yaa Rabbal-'aalameena, wafsah lahu fi qabrihi wa nawwir lahu fihi."**

"അല്ലാഹുവേ! (ആളുടെ പേര് പറഞ്ഞിട്ട്) ഇദ്ദേഹത്തിന് പൊറുത്തുകൊടുക്കേണമേ! മാർഗ്ഗദർശനം ലഭിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ. അദ്ദേഹത്തെ മുൻകടന്നു പോയവരുടെ കൂട്ടത്തിൽ ആ പാതയിൽ ഉൾപ്പെടുത്തുകയും ഞങ്ങൾക്കും അദ്ദേഹത്തിനും പൊറുത്തുതരികയും ചെയ്യേണമേ! ലോകാധിനാഥനായുള്ളവനേ! അദ്ദേഹത്തിന്റെ ഖബറിനെ വിശാലമാക്കുകയും, പ്രകാശം ചൊരിയുകയും ചെയ്യേണമെ!"(മുസ്ലിം)

## ആദരാജ്ഞലികൾ അറിയിക്കേണ്ട വിധം

**'Inna lillaahi maa 'akhatha, wa lahu maa 'a'taa, wa kullu shay'in 'indahu bi'ajalin musamman … faltasbir wal-tahtasib."**

"നിശ്ചയമായും! അല്ലാഹു അവനു സ്വന്തമായതിനെ തിരിച്ചെടുക്കുന്നു. അവൻ നല്കുന്നതും അവനുള്ളതാകുന്നു. ഓരോ വസ്തുവിനും അവൻ ഒരു നിശ്ചിത സമയം വിധിച്ചിരിക്കുന്നു. അതിനാൽ സംയമനം പാലിക്കുക. പ്രതിഫലത്തിന് അർഹനാവുക!."

അതുപോലെ തന്നെ, ഇനി പറയുന്നതുപോലെ പറയുന്നതും നല്ലതാണ്.

**'A'dhamallaahu 'ajraka, wa 'ahsana 'azaa'aka wa ghafara limayyitika."**

"അല്ലാഹു നിങ്ങളുടെ പ്രതിഫലത്തെ വർധിപ്പിച്ചു തരികയും, ഈ മരണത്തെ പരിപൂർണ്ണത നിറഞ്ഞതുമാക്കട്ടെ. വേർപിരിഞ്ഞ താങ്കളുടെ പ്രിയപ്പെട്ടവന്/അവൾക്ക് പൊറുത്തു കൊടുക്കുകയും ചെയ്യുമാറാകട്ടെ!." (ബുഖാരി, മുസ്ലിം)

## മരണമടഞ്ഞ വ്യക്തിയെ ഖബർ അടക്കുമ്പോൾ

**"Bismillahi wa 'ala Sunnati Rassullullahi."**

"അല്ലാഹുവിന്റെ നാമത്തിൽ, അവന്റെ (അല്ലാഹുവിന്റെ) ദൂതന്റെ സുന്നത്ത് അനുസരിച്ച്." (അബുദാവൂദ്)

## ഖബർ അടക്കിയതിനു ശേഷം

**"Allahummaghfir-lahu, Allahumma thabbit-hu."**

"അല്ലയോ! അല്ലാഹുവേ! അവന്/അവൾക്ക് പൊറുത്തു നല്കിയാലും അല്ലാഹുവേ! അവന്/ അവൾക്ക് ധൈര്യം നല്കേണമേ." (അബൂദാവൂദ്, ഹാക്കിം)

## കാറ്റുണ്ടായാൽ

**"Allahumma inni as'aluka khayraha wa a'udhu bika min sharriha."**

"അല്ലാഹുവേ! ഈ കാറ്റിൽ നിന്നുള്ള പ്രയോജനത്തെ എനിക്കു നല്കുവാനായി ഞാൻ നിന്നോടു യാചിക്കുന്നു. ഇത് വിതയ്ക്കുന്ന വിപത്തുകളിൽ നിന്നും ഞാൻ നിന്നിലേക്ക്

അഭയം തേടുന്നു.!." (അബുദാവൂദ്, ഇബ്നുമാജ)

നമ്മുടെ പ്രിയങ്കരനായ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) നിരന്തരം അനേകം ദുആകൾ ചെയ്തിരുന്നു. സ്വന്തം ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും അദ്ദേഹം അനവധി ദുആകൾ നടത്തിയിരുന്നു. മറ്റു വിശ്വാസികൾക്കു വേണ്ടിയും ദുആകൾ ചെയ്തിരുന്നു. ഞാൻ ദുആകൾ സംബന്ധമായി ഇപ്പോൾ അനവധി ഖുത്തുബകൾ നിർവ്വഹിച്ചു കഴിഞ്ഞു. എന്നിരിക്കിലും, ഇനിയും അനേകം ദുആകൾ ഉണ്ട്. അവയിൽ നിന്നും വളരെക്കുറച്ചു മാത്രമേ നിങ്ങൾക്കു മുന്നിൽ കൊണ്ടുവരാനും അതിൽ നിന്നുള്ള പ്രയോജനം നമുക്ക് ഓരോരുത്തർക്കും ഉൾക്കൊള്ളുവാനും സാധിച്ചിട്ടുള്ളു. ഇൻശാഹ് അല്ലാഹ്!

ആയതിനാൽ, ഓരോ നമസ്ക്കാരത്തിലും നിങ്ങൾ അല്ലാവിനെ വിളിച്ചു ദുആ ചെയ്തുകൊണ്ടരിക്കുക. നിങ്ങൾക്കു പറയുവാനുള്ളത് അവന്റെ മുന്നിൽ സമർപ്പിക്കുക. അങ്ങനെ നിങ്ങളുടെ നമസ്ക്കാരങ്ങളെ ആത്മാർത്ഥമായ പ്രാർത്ഥനകളും, അർത്ഥനകളും ആക്കി തീർക്കുക. ഇൻശാഹ് അല്ലാഹ്!

അല്ലാഹു(ത) നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനകളെ സ്വീകരിക്കുകയും, എല്ലാ സന്ദർഭങ്ങളിലും അവന്റെ കരുണ നമ്മിൽ ചൊരിയുകയും ചെയ്യുമാറാകട്ടെ! ആമീൻ!



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***